**കണ്ണൂർ സർവ്വകലാശാല**

**(സിംഗിൾ വിൻഡോ )**

SWC/SWC II/8157/2022 തീയതി: 23.09.2022

<u>പ്രസിദ്ധീകരണത്തിന്</u>

**<u>അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദ പ്രോഗ്രാമുകളിലെ പ്രവേശനത്തിനുള്ള സ്പോട്ട് അഡ്മിഷൻ</u>**

കണ്ണൂർ സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള **ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലെ** ബിരുദ പ്രോഗ്രാമുകളിലെ SC/ST ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളിലേക്കും 28/09/2022 തിയ്യതിയിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. വേക്കൻസി ലിസ്റ്റ് സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. SC/ST/PWD Special allotment ലഭിച്ചവർ പ്രവേശനം നേടുന്നതിനനുസരിച്ച് ഈ വിഭാഗത്തിൽ പെട്ട ഒഴിവുകളിൽ വ്യത്യാസം വരാൻ സാധ്യതയുണ്ട്. സ്പോട്ട് അഡ്മിഷന് പങ്കെടുക്കുന്നവർ 26/09/2022, 5:00 p.m. ന് മുൻപായി അതാത് കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

വിവിധ കാരണങ്ങളാൽ അലോട്ട്മെന്റിൽ നിന്ന് പുറത്തായവർക്കും, നിലവിൽ പ്രവേശനം ലഭിച്ചവർക്കും, പ്രവേശനം ലഭിക്കാത്തവർക്കും ഇതുവരെ അപേക്ഷിക്കാത്തവർക്കും സ്പോട്ട് അഡ്മിഷന് അവസരമുണ്ട്.

നിലവിൽ ഓപ്ഷൻ നൽകാത്ത കോളേജ് / കോഴ്സിലേക്കാണ് അപേക്ഷിക്കുന്നത് എങ്കിൽ അപേക്ഷകർ തങ്ങളുടെ പ്രൊഫൈൽ ലോഗിൻ ചെയ്ത് 200/- രൂപ കറക്ഷൻ ഫീ ഇനത്തിൽ അടച്ചതിന് ശേഷം പ്രസ്തുത ഓപ്ഷൻസ് ചേർക്കേണ്ടതാണ്. അപേക്ഷയിലെ തെറ്റുകൾ തിരുത്തുന്നതിനായി ഒരുതവണ കറക്ഷൻ ഫീ അടച്ചവർ വീണ്ടും അടയ്ക്കേണ്ടതില്ല. അതുപോലെ സ്പോട്ട് അഡ്മിഷന് പങ്കെടുക്കാത്ത ഓപ്ഷൻസ് ഉണ്ടെങ്കിൽ റദ്ദ് ചെയേണ്ടതുമാണ്.

ഇത് വരെ അപേക്ഷ സമർപ്പിക്കാത്തവർ ഓൺലൈനായി രജിസ്റ്റർ ചെയേണ്ടതാണ്. ഓപ്ഷൻ സെലക്ട് ചെയുമ്പോൾ സ്പോട്ട് അഡ്മിഷന് ആവശ്യമുള്ളവ മാത്രം സെലക്ട് ചെയേണ്ടതാണ്.

സ്പോട്ട് അഡ്മിഷന് പങ്കെടുക്കുന്നവർ തങ്ങളുടെ പ്രൊഫൈലിൽ ഇതിനാവശ്യമായ ഓപ്ഷൻസ് മാത്രം നിലനിർത്തി ബാക്കി ഉള്ളവ റദ്ദ് ചെയേണ്ടതാണ്.

സംവരണ വിഭാഗത്തിൽപ്പെട്ടവർ ഇൻഡക്സ് മാർക്കിൻറെ അടിസ്ഥാനത്തിൽ ജനറൽ കാറ്റഗറിയിലേക്ക് മാറാൻ സാധ്യതയുള്ളതിനാൽ ജനറൽ കാറ്റഗറിയിൽ ഉള്ള ഒഴിവുകളുടെ എണ്ണത്തിൽ കുറവ് വരാൻ സാധ്യതയുണ്ട്.

സ്പോട്ട് അഡ്മിഷനിൽ പ്രവേശനത്തിന് അർഹരായവരെ കോളേജ് അധികാരികൾ അപേക്ഷയിൽ നൽകിയിരിക്കുന്ന ഫോൺ നമ്പർ മുഖേന ബന്ധപ്പെടുന്നതായിരിക്കും. ഇതിനകം പ്രവേശനം ലഭിച്ച അപേക്ഷകർ, സ്പോട്ട് അഡ്മിഷൻ ലഭിച്ച കോളേജുകളിൽ പ്രവേശനത്തിന് ഹാജരായി പ്രവേശനം ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ മുൻപ് പ്രവേശനം ലഭിച്ച കോളേജിൽ നിന്ന് ടി.സി വാങ്ങേണ്ടതുള്ളൂ.

ഹെൽപ്പ് ലൈൻ നമ്പർ: 0497 2715261, 0497 2715284, 7356948230

ഇ-മെയിൽ ഐഡി : ugsws@ kannuruniv.ac.in
വെബ്സൈറ്റ് : www.admission.kannuruniversity.ac.in

ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)
രജിസ്ട്രാർക്ക് വേണ്ടി